**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3134** **25-10-2021 - ൽ മറുപടിയ്ക്ക്**

**തിക്കോടി ടൂറിസം വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ തിക്കോടി ടൂറിസം വികസന പദ്ധതിയുടെ ഭാഗമായിരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | തിക്കോടി ടൂറിസം വികസന പദ്ധതിയുടെ ( Development of Turtle Beach- Thikkodi) ഭാഗമായി താഴെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. ശുചിമുറികൾ, വേസ്റ്റ് ബിൻ, നടപ്പാത, മുള കൊണ്ടുള്ള നിർമ്മിതികൾ, ചുറ്റു വേലി, ജലവിതരണ സംവിധാനങ്ങൾ വൈദ്യുതി വിളക്കുകൾ കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ. |
| (ബി) | തിക്കോടി ബീച്ച് നവീകരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്ക് 93,00,000/- (തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.ടി.പി.സി കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ? | (സി) | ടി പദ്ധതിക്ക് 15.6.2021-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ